# ഗവ. എച്ച്. എസ്. എസ്.
# ഈരാറ്റുപേട്ട

# 2025-2026

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# ആമുഖം

1912 ൽ സ്ഥാപിതമായ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ഈരാറ്റുപേട്ട നഗരസഭയിലെ ഏക സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ ആണ്. അറിവിന്റെ ആദ്യാക്ഷര കളരി മുതൽ അധ്യാപിക പരിശീലന കേന്ദ്രം വരെയുള്ള ക്യാമ്പസ് സ്കൂളിന് അഭിമാനമാണ്.

പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണ് കൂടുതലെങ്കിലും അവരുടെ പഠനാന്തരീക്ഷം സുഗമമാക്കുന്നതിന് വേണ്ട ഭൗതികവും അക്കാദമികവുമായ എല്ലാ സൗകര്യങ്ങളും സ്കൂളിലുണ്ട്. കേരള സർക്കാരിന്റെ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായ കിഫ്ബിയും എംഎൽഎ ഫണ്ടും കൂടി ചേർന്ന് ചെലവഴിച്ചു നിർമ്മിച്ച ആധുനിക കെട്ടിട സമുച്ചയത്തിൽ കുട്ടികൾക്ക് വേണ്ട എല്ലാം ഭൗതിക സൗകര്യങ്ങളും ഉണ്ട്.

അറിവ് നേടാം എന്നതിനൊപ്പം ജീവിത നൈപുണി വികാസവും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷ കേരളത്തിന്റെ നേതൃത്വത്തിൽ പദ്ധതി ഉൾപ്പെടുത്തി കുസാറ്റുമായി സഹകരിച്ച് നിർമ്മിച്ച ക്രിയേറ്റീവ് കോർണർ- തയ്യൽ, കുക്കിംഗ്, സോഫ നിർമ്മാണം, ഫാഷൻ ഡിസൈനിങ്, കേക്ക് നിർമ്മാണം തുടങ്ങിയവ പരിശീലിക്കുന്നതിനുള്ള ബൃഹത്തായ സംവിധാനം സ്കൂളിൽ സജ്ജമായിരിക്കുന്നു.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രം ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഈ സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## അക്കാദമികം

- സബ്ജക്ട് കൗൺസിൽ
- എസ് ആർ ജി
- ക്രിയേറ്റീവ് കോർണർ
- ക്ലബ് പ്രവർത്തനങ്ങൾ
- ലാബ്/ലൈബ്രറി പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ

- നിരന്തര വിലയിരുത്തൽ
- കലാകായിക പ്രവൃത്തി പരിചയം
- പഠനപിന്തുണ പരിപാടി
- ഐ ടി അധിഷ്ഠിത പഠനം
- അസംബ്ലി
- സഹവാസ ക്യാമ്പുകൾ
- വിദഗ്ധ ക്യാമ്പുകൾ
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ലാംഗ്വേജ് ലാബ്
- ഫോക്കസ് കരിയർ ക്ലബ്ബ്
- സ്കൗട്ട് ഗൈഡ് ബണ്ണി യൂണിറ്റ്
- സ്കൂൾ സോഷ്യൽ സർവീസ് സ്കീം

## ഭൗതിക സാഹചര്യം

- ഹൈടെക് ക്ലാസ് മുറികൾ
- ഓഫീസ് മുറികൾ
- ടോയ്‌ലറ്റുകൾ
- കളിസ്ഥലം, കളി ഉപകരണങ്ങൾ
- കുടിവെള്ളം
- അടുക്കള
- വൈദ്യുതീകരണം
- ഓഡിറ്റോറിയം
- ലാബ്, ലൈബ്രറി
- ഐ.സി.ടി സൗകര്യങ്ങൾ
- സ്കൂൾ ബസ് സൗകര്യം
- ക്രിയേറ്റീവ് കോർണർ ലാബ്

- ❖ കൗൺസിലിംഗ്
- ❖ കലാകായിക, പരിശീലനം

## സാമൂഹിക പങ്കാളിത്തം

- ❖ പിടിഎ ശാക്തീകരണം
- ❖ ക്ലാസ് പിടിഎ
- ❖ ഗൃഹ സന്ദർശനം
- ❖ കൗൺസിലിംഗ്
- ❖ ആഘോഷ ദിനങ്ങൾ ജനകീയമാക്കൾ
- ❖ കോർണർ പിടിഎ
- ❖ ബോധവൽക്കരണ ക്ലാസുകൾ
- ❖ വിദ്യാലയ വികസന സമിതി
- ❖ സ്കൂൾ സുരക്ഷാസമിതി
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം
- ❖ സന്നദ്ധ സംഘടനകൾ
- ❖ പ്രാദേശിക വിദഗ്ധർ

## ലക്ഷ്യങ്ങൾ

- ❖ ഓരോ വിദ്യാർത്ഥിയും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു
- ❖ ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തിൽ സജ്ജമാക്കുന്നു.
- ❖ ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.
- ❖ വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലാബ് (കമ്പ്യൂട്ടർ,സയൻസ്) ലൈബ്രറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

## ഭാഷ Class I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | • ഭാഷാ കളരി<br>• ചിത്ര വായന<br>• വായന കാർഡ് നിർമ്മാണം<br>• കഥ പറയൽ, കഥ കേൾക്കൽ | • ജൂൺ<br>• ജൂൺ-ജൂലൈ<br>• ജൂൺ മുതൽ മാർച്ച് വരെ | • ക്ലാസ് ടീച്ചർ<br>• SRG<br>• SMC<br>• മദർ പി ടി എ | SMC |
| അടിസ്ഥാന ഭാഷാ ശേഷി വികസന | • ക്ലാസ് ഒരു വായനക്കൂട്<br>• വീട്ടിലെ ലൈബ്രറി<br>• സംയുക്ത ഡയറി | • ജൂൺ ജൂലൈ<br>• ഓഗസ്റ്റ്<br>• ജൂലൈ 15 | • ക്ലാസ് ടീച്ചർ<br>• അമ്മമാർ | SMC |
| അടിസ്ഥാന ഭാഷാ ശശി വികസനം | • ചിത്രം കണ്ട് കഥപറയൽ<br>• ചിത്ര വായന നടത്തിയതിന് ശേഷം കഥയെഴുതൽ | • ജൂൺ, ജൂലൈ<br>• ഒക്ടോബർ-മാർച്ച് | • ക്ലാസ് ടീച്ചർ<br>• അമ്മമാർ | SMC |

## English Class I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | • കാർട്ടൂൺ പ്രദർശനം<br>• കവിതകളും ചെറുകഥകളും കേൾക്കാനുള്ള അവസരം നൽകൽ | • ജൂൺ മുതൽ ഫെബ്രുവരി വരെ | • ക്ലാസ് ടീച്ചർ | |
| | • ഇംഗ്ലീഷിൽ നിർദേശം നൽകുന്ന ചെറു കളികളിൽ ഏർപ്പെടൽ<br>• ലഘുവായന കാർഡുകൾ നിർമ്മാണം | • ആഴ്ചയിൽ ഒന്ന്<br>• ജൂൺ 1 മുതൽ ഫെബ്രുവരി വരെ<br>• സെപ്റ്റംബർ - ജനുവരി | • ക്ലാസ് ടീച്ചർ<br>• ക്ലാസ് ടീച്ചർ | |

## ഗണിതം Class I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം ലളിതമാക്കാം കളികളിലൂടെ | • സംഖ്യകൾ ഉപയോഗിച്ചുള്ള ചെറു കളികളിലൂടെ ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | • ജൂൺ, ജൂലൈ, ഓഗസ്റ്റ് | | |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത ക്യാമ്പ് (കളികളിലൂടെ) | • മാസത്തിൽ 1<br>• ജൂൺ-ജനുവരി | • ക്ലാസ് ടീച്ചർ<br>• ക്ലാസ് ടീച്ചർ | |

## പരിസരപഠനം Class I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാര ശീലങ്ങളെ കുറിച്ചും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ | • ഭക്ഷ്യമേള പ്രദർശനം<br>• നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | • ജൂൺ<br>• ജൂലൈ ഓഗസ്റ്റ് | •ക്ലാസ് ടീച്ചർ<br>•SRG<br>•SMC | •SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | • പുഷ്പോദ്യാനം നിർമ്മിക്കൽ, ഔഷധത്തോട്ട നിർമ്മാണം, പരിപാലനം<br>• പ്രകൃതി നടത്തം | • ജൂൺ-മാർച്ച്<br>• ജൂൺ-ഫെബ്രുവരി | • ക്ലാസ് ടീച്ചർ<br>• പിടിഎ<br>• ക്ലാസ് ടീച്ചർ | • പിടിഎ |

# മലയാളം Class II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | • ചിത്ര വായന<br>• കഥ കേൾക്കൽ<br>• കഥ പറയൽ<br>• വായന കാർഡ് നിർമ്മാണം | • ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | • ലഘുപതിപ്പുകൾ തയ്യാറാക്കൽ | • ഡിസംബർ-ജനുവരി | മദർ പിടിഎ | മദർ പിടിഎ |
| സർഗാത്മകയെ തട്ടി ഉണർത്തുക | • കഥാകവിത കേൾക്കുവാനുള്ള അവസരം ഒരുക്കൽ<br>• രചന ശില്പശാല | • ജൂൺ-മാർച്ച്<br>• ജനുവരി | ക്ലാസ് ടീച്ചർ | മദർ പിടിഎ |

# English Class II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | • ഇംഗ്ലീഷ് സ്റ്റോറീസ് റൈംസ് എന്നിവ കേൾക്കുവാനുള്ള അവസരം നൽകുന്നു | • ജൂൺ-ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ പേടി കൂടാതെ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | • ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുന്ന ചെറുകഥകളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകുന്നു | • ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ | എസ്എസ്എ |
| | • English reading cards നിർമ്മാണം, വായന<br>• English ബാലസഭ<br>• English അസംബ്ലി | • നവംബർ-മാർച്ച് | ക്ലാസ് ടീച്ചർ | പിടിഎ |

## പരിസരപഠനം Class II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | • ശുചിത്വ സർവ്വേ ക്ലാസുകൾ<br>• പോസ്റ്റർ രചന മത്സരം<br>• അവതരണം | • ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ<br>M PTA | SMC |
| പ്രകൃതിയെ അറിയാൻ | • പ്രകൃതി നടത്തം<br>• കാഴ്ചബംഗ്ലാവിലേക്ക് പൂന്തോട്ടം നിർമ്മാണം | • സെപ്റ്റംബർ-ഡിസംബർ<br>• ജൂലൈ | ക്ലാസ് ടീച്ചർ<br>M PTA | SMC |
| നാട് അറിയാൻ നാട്ടറിവുകൾ | • കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | • ജനുവരി-ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>SRG | SMC |

## ഗണിതം Class II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തോടുള്ള അഭിമുഖ ആഭിമുഖ്യം വളർത്തൽ ഗണിതം ലളിതമാക്കൽ | • ഗണിത കളികളിൽ ഏർപ്പെടൽ<br>• ഗണിത മാഗസിൻ | • ആഴ്ചയിൽ 1<br>• ജൂൺ-ഓഗസ്റ്റ് | SRG<br>Class Teacher | SSA |
| ഗണിത ചിന്താശേഷി വളർത്തൽ | • ഒരു ദിനം ഒരു ചോദ്യം (ഗണിത പസിലുകളും കുസൃതി കണക്കുകളും പരിചയപ്പെടൽ)<br>• ഗണിത ക്യാമ്പ് | • ജൂൺ-ഫെബ്രുവരി ആഴ്ചയിൽ 1<br>• മാസത്തിൽ 1<br>• ജൂൺ-ഫെബ്രുവരി | Class Teacher<br>Class Teacher | SSA |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല രസകരമായ ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഓർഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | • ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാൻ കളികളിലൂടെ | • മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ക്ലാസ്സ് ലൈബ്രറി വികസനം | • ജൂൺ- മാർച്ച് | H.M | SSA |
| വായന-ആശയമറിഞ്ഞും ഒഴുക്കോടയും | • വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>• വായന ക്യാമ്പുകൾ<br>• ബാല പ്രസിദ്ധീകരണങ്ങളുടെ വായന | • മാസത്തിലൊന്ന്<br>• മൂന്നുമാസത്തിലൊന്ന്<br>• ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>PTA<br>അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | • കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ. | • ജൂൺ, ജൂലൈ, ഓഗസ്റ്റ് | അധ്യാപകർ | |
| പ്രകൃതി വിഭവ സംരക്ഷണം | • ജൈവവൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | • ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യ ജനിപ്പിക്കൽ | • ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീടിനകത്തും ശാസ്ത്ര മാസികകൾ | • | | |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക ശേഖരണവും പ്രദർശനവും<br>• ചിത്ര ഗ്യാലറി | • ജൂൺ<br>• ജൂൺ-ഡിസംബർ<br>• ജനുവരി | അധ്യാപകർ SMC<br>അധ്യാപകർ SMC<br>MPTA ക്ലബ്ബുകൾ | SMC<br>SMC<br>SMC |
| വായന പരിപോഷണം | • പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം<br>• വായന കളരി<br>• നാട്ടുവായന-പ്രാദേശിക എഴുത്തുകാരും ആയുള്ള സംവാദം | • നവംബർ<br>• ഓരോ ആഴ്ചയും<br>• ആഗസ്റ്റ് | SMC SRG<br>SRG<br>സാഹിത്യ ക്ലബ്ബ് | ക്ലബ്ബ് SMC<br>SRG<br>വായനശാല |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് തലം 2025 - 2026

ഭാഷ

ക്ലാസ്സ് 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം (മധുരം മലയാളം)<br>• ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | പിടിഎ ഫണ്ട് |
| വായിക്കാം വളരാം, വായനശേഷി വളർത്തൽ | • ക്ലാസ് വായനക്കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• രചന പരിചയക്കുറിപ്പ്<br>• ആനുകാലിക വായന<br>• പത്രവായന | വർഷം മുഴുവനും | ക്ലാസ് ടീച്ചർ<br>CPTA | |
| എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| കണ്ടറിയാം കേട്ടറിയാം അറിവ് ഡോക്കുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കാൻ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ഓർക്കാൻ അഭിമാനിക്കാം, (സാഹിത്യകാരന്മാർ) സാഹിത്യകാരന്മാരുടെ ജന്മ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | •ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>•ഡോക്യുമെന്ററി പ്രദർശനം<br>•പുസ്തക പരിചയം<br>•ക്വിസ്<br>•പതിപ്പ് നിർമ്മാണം<br>•പ്രദർശനം | ആവശ്യനുസരണം | ക്ലാസ് ടീച്ചർ<br>CPTA | |
| സർഗോത്സവം ഭാഷാ പഠനത്തിന് ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | •കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | ഓരോ ടേമിലും | ക്ലാസ് ടീച്ചർ<br>CPTA<br>SRG | |

ഇംഗ്ലീഷ്　　　　　　　　　　　　　　　　　　　　　　　ക്ലാസ്സ് 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഭാഷ യോഗശേഷി മെച്ചപ്പെടുത്താൻ | • മാസത്തിൽ ഒരു ദിവസം അസംബ്ലി നടത്തുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തീയേറ്റർ സർഗാത്മക പരിപോഷണം | • ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ (സ്കിറ്റ് ഡ്രാമ കോൺവെർസേഷൻ സ്റ്റോറി ടെല്ലിങ്) | മാസത്തിൽ 1 /ടേമിൽ 1 | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിലുള്ള പുസ്തകങ്ങൾ വായന കാർഡ് ഉൾക്കൊള്ളിച്ചു വായന മൂല ഒരുക്കൽ വായന വേള ഒരുക്കൽ | രണ്ടാഴ്ചയിൽ ഒരിക്കൽ /ആവശ്യനുസരണം | ക്ലാസ് ടീച്ചർ | |
| കളിക്കാം രസിക്കാം ഗണിത പഠനം രസകരമാക്കി ചതുഷ്ക്രിയകൾ ലളിതമാകുക ഉറപ്പിക്കുക | •വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ<br>•സങ്കലനം നിവലനം കച്ചവടക്കളി<br>•ഏണിയും പാമ്പും കളി<br>•ഡയസുകളി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിത ലാബ് ഗണിത പഠനം സുതാര്യമാക്കൽ | •ഗണിത ലാബ് ഒരുക്കുക<br>•പഠനത്തിന് ഉപയോഗപ്പെടുത്തുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിതചുമർ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | •ഗണിത ചുമരുക്കൽ ടാൻഗ്രാം രൂപങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിത ഉപകരണ ശില്പശാല പഠനോപകരണങ്ങളുടെ ഉപയോഗത്തിലൂടെ ഗണിത പഠനം ലളിതമാക്കൽ | •പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യനുസരണം | ക്ലാസ് ടീച്ചർ SRG | |
| ഗണിതമേള ഗണിത ശേഷി പ്രകടനം | •പസിൽ<br>•പാറ്റേൺ<br>•പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

## പരിസരപഠനം

ക്ലാസ്സ് 4

| ലക്ഷ്യം | പ്രവർത്തനം . | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം/ ഫീൽഡ് ട്രിപ്പ് നിരീക്ഷണത്തിലൂടെ അറിവ് നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രമൂല ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | • ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രി ഒരുക്കൽ<br>• പരീക്ഷണങ്ങൾ ചെയ്യുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യനുസരണം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | •പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ പരീക്ഷണങ്ങൾ ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |

| മേഖല | മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധികാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ കഥാകവിത യാത്ര അനുഭവം അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു.<br>**ഭാഷ കേളി**<br>അക്ഷരങ്ങളിലും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ<br><br>ജൂൺ<br><br>ജൂൺ | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |
| പഠിതാവിൻ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | **വാർത്താ ലോകത്തേക്ക്**<br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺമാസം എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താ വായന<br>നവമാ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ടു വായിക്കുന്നു ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസും സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം<br><br>വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് | <br><br>മലയാളം ക്ലബ്ബ് |
| സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർവ്വ ശേഷി വളർത്തൽ | **സംവാദം മുഖമുഖം**<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പിടിഎ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ രംഗ ആവിഷ്കാരം | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട രംഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ അവസരം നൽകുന്നു ഇതത്ര നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | |

| മേഖല യു. പി | സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു ഓർമ്മച്ചെപ്പ് അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂ പ്കൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷ ആരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രം അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | അക്കാദമിക വർഷം ആരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭാ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം ആരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടിയ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം സുനാമിയെ കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷ ആരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിഥ്യമായ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് | ചിലന്തി വലയിൽ നിന്ന് കുനിച്ചു ചാട്ടം സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ അഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | | | |
| സുസ്ഥിതി വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കൂടെവിടെ മക്കളെ ഫീൽഡ് ട്രിപ്പ് സർവേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ തണ്ണീർ തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പൊതു ചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരസരകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| മേഖല യു. പി | സയൻസ് | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര തിരിച്ചറിയൽ | കണ്ടറിയാൻ ഒരു യാത്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ പുഴയെ അറിയൽ, യാത്രകൾ | ജൂൺ, ജൂലൈ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്,ഹെൽത്ത് ക്ലബ് | പിടിഎ |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **<u>പരീക്ഷണ കളരി</u>**<br>നിത്യജീവിതത്തിൽ പരിചിതമായ വാർത്തകൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തിയ ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്ന പ്രൊജക്റ്റ് തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>**<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമര് ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് അംഗങ്ങൾ<br>ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **<u>വിസ്മയ യാത്ര</u>**<br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| മേഖല യു. പി | ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മുത്തുകൾ) | ജൂൺ | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിത പ്രവർത്തനങ്ങൾ സുഗമവും ആക്കൽ | ഗണിതലാബ് സജ്ജമാക്കൽ | ആവശ്യനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

**Name of Teacher : SANTHOSH MATHEW**

**UP ENGLISH**

| Sl.No | Area | Activities | Period | Remarks |
|---|---|---|---|---|
| 1 | Speaking | Self introduction about our school | June | |
| 2 | Writing | Diary writing | July to March | |
| 3 | Anchoring | English assembly | July | |
| 4 | Reading, Speaking, Writing | Preparing news reports about the programmes conducted in school. | July to March | |

| മേഖല ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല |
| സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക | കുട്ടിയുടെ നിലവാരം കണ്ടെത്തുവാൻ പ്രീ ടെസ്റ്റ് നടത്തുന്നു | 6,7,8,9, 10 | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപക |
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു | അക്ഷരങ്ങൾ നൽകുന്നു ഉറക്കെ വായിപ്പിക്കുന്നു | 5,6,7,8, 9, 10 | ജൂൺ ജൂലൈ | |
| എഴുതി തെളിയാൻ അക്ഷരങ്ങൾ കണ്ടെത്തുവാനും വായിക്കുവാനും എഴുതുവാനും പഠിപ്പിക്കുന്നു | ഓഡിയോ വിഷൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | 5,6,7,8, 9 | ജൂൺ ജൂലൈ | |
| എല്ലാ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും | എല്ലാ കുട്ടികൾക്കും ചിഹ്നങ്ങൾ പാഠങ്ങൾ ആശയങ്ങൾ ഉറപ്പിക്കൽ ICT, Text, News Paper | 5,6,7,8, 9 | ജൂലൈ സെപ്റ്റംബർ | |

| | | | | |
|---|---|---|---|---|
| നേടിയെന്ന് ഉറപ്പിക്കുന്നു | | | | |
| വായന പരിശീലനത്തിന് അധ്യാപിക പ്രാധാന്യം നൽകുന്നു | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ അവതരണം | 6,7,8,9 | പ്രതിദിനം | |
| വായിക്കാം.... വളരാം | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കജശ | | | |
| കണ്ടറിയാം കേട്ടറിയാം | ഹിന്ദി വാർത്തകൾ കേൾക്കുവാനും ഹിന്ദി സിനിമ ഡോക്കുമെന്ററി കാണുവാനുള്ള അവസരം നൽകുക | | | |
| അഭിമാനത്തോടെ നമുക്ക് ഓർമ്മിക്കാം ആചരിക്കാനും | ഓരോ മാസത്തിലും പ്രധാന ദിനാചരണങ്ങൾ ഉദാഹരണം ജൂൺ 5 ജൂൺ 12 ജൂൺ 19 | 6,7,8,9 | ജൂൺ ഫെബ്രുവരി | |
| സർഗോത്സവം | കവിത, കഥ, പരിചയപ്പെടൽ | | | |

## എച്ച് എസ് മലയാളം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന സുപ്രധാന പങ്കാണ് വായനക്കുള്ളത്.

പാഠപുസ്തകങ്ങൾക്ക് അപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികളുടെ സർഗാത്മകശേഷിയാണ് വികസിതമാകുന്നത് വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവികമൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനും ആയി വിദ്യാർത്ഥികളിൽ വായന അനുഭവം വളർത്തേണ്ടത് അനിവാര്യമാണ്.

ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങൾ ആണ് അധ്യായന വർഷം സ്കൂളിൽ ആസൂത്രണം ചെയ്യുന്നത്. ഓരോ വിദ്യാർത്ഥിയിലും രൂപപ്പെടുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

ലക്ഷ്യം;

1. അഞ്ചു മുതൽ 10 വരെയുള്ള ക്ലാസുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനെ അനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക
3. കുട്ടികളിൽ വായന സംസ്കാരം വളർത്തുക

**<u>മാതൃഭാഷാ പഠനം പ്രശ്നങ്ങൾ</u>**

1. അഞ്ചു മുതൽ 10 വരെ ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധ നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽ എത്താൻ കഴിയുന്നില്ല
2. സർഗാത്മക രചനകൾക്ക് വേണ്ട പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല
3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല

**<u>പ്രശ്ന വിശകലനം</u>**

| കാരണങ്ങൾ | പരിഹാരം നിർദ്ദേശം പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യക്കുറവ് | 1. പുസ്തക പരിചയം |

| | |
|---|---|
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br>4. സർഗ്ഗാത്മക രചനകൾക്ക് വേണ്ട പ്രാധാന്യം നൽകുന്നില്ല<br>5. ഭാഷാവ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. Language lab രൂപീകരണം<br>3. വായനക്കുറിപ്പ്<br>4. ചുമർ മാഗസിൻ<br>5. പുസ്തക ചർച്ച<br>6. വായനക്കുറിപ്പ് പതിപ്പ് നിർമ്മാണം |

പ്രവർത്തന പദ്ധതി വിശദീകരണം

പ്രവർത്തനം ഒന്ന്

പുസ്തകം പരിചയപ്പെടൽ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| സ്കൂൾ അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തുന്നു<br>പേര് ഗ്രന്ഥകാരൻ<br>ആശയസംഗ്രഹം<br>തുടങ്ങിയവ | മലയാളം അധ്യാപിക, കുട്ടികൾ | ജൂൺ മുതൽ ജനുവരി വരെ | |

Language lab രൂപീകരണം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|

| | | | |
|---|---|---|---|
| ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ ചിട്ടയായി ക്രമീകരിക്കുന്നു ഒഴിവുസമയങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുന്നു | കൺവീനർ | ജൂലൈ മുതൽ | |

**വായനക്കുറിപ്പ്**

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| വായനക്കുറിപ്പ് സമാഹരണം പതിപ്പ് തയ്യാറാക്കൽ | മലയാളം അധ്യാപിക | ആഗസ്റ്റ് മുതൽ ജനുവരി വരെ | |

**വായനക്കൂട്ടം പുസ്തക ചർച്ച**

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| വായന കൂട്ടം രൂപീകരണം വെള്ളിയാഴ്ച കൂട്ടം പുസ്തകം ചർച്ച | കൺവീനർ വായനക്കൂട്ടം | ജൂൺ മുതൽ ഫെബ്രുവരി വരെ | |

# Master Plan - Social Science

Mohammed Nijas

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ലക്ഷ്യം വയ്ക്കുന്ന വിദ്യാർത്ഥി വിഭാഗം | ലക്ഷ്യങ്ങൾ |
|---|---|---|---|---|
| 1 | സോഷ്യൽ സയൻസ് ഫെസ്റ്റ്<br>പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടത്തുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ<br>• പ്രസംഗം<br>• ക്വിസ്<br>• സെമിനാറുകൾ<br>• ശേഖരണം, മോഡൽസ്<br>• പതിപ്പുകൾ, ആൽബങ്ങൾ | 1 year Programme<br><br>Event on January | UP & HS വിഭാഗം | ആശയങ്ങൾ ബോധ്യപ്പെടുന്നതിന്റെ deapth വർധിപ്പിക്കാനായി വ്യത്യസ്ത പഠനോപാധികൾ ക്രിയാത്മകമായി നടത്തുക. വിദ്യാർത്ഥികളുടെ പങ്കാളിത്തം കൂടുതലാക്കുക. |
| 2 | ദിനാചരണങ്ങൾ<br>• സാമൂഹ്യബോധം വളർത്തുന്നവ<br>• ശാസ്ത്രീയ അവബോധം വളർത്തുന്നവ<br>• ദേശീയോദ്ഗ്രഥനം ലക്ഷ്യമാക്കിയുള്ള<br>• പൗരബോധം സൃഷ്ടിക്കുന്നവ<br>• ആശയങ്ങൾ സൃഷ്ടിക്കുന്നവ | Academic year<br>മുഴുവൻ നീണ്ടുനിൽക്കുന്നവ | UP & HS വിഭാഗം | അറിവിനപ്പുറം Attitude (മനോഭാവം) വളർത്തുന്ന വിധത്തിൽ ദിനാചരണങ്ങൾ. |

| | | | | |
|---|---|---|---|---|
| 3 | സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ<br>a) അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുന്നതിന്<br>b) Map Locationing, Map drawing, Chart, ചിത്രങ്ങൾ, പട്ടികകൾ ഇവ മനോഹരമാക്കുന്നതിനുള്ള Skill Oriented classes.<br>c) പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്നവ | രണ്ടു മാസം മുതൽ മൂന്ന് മാസം വരെ | ഹൈസ്കൂളിലെ പഠന നിലവാരം കുറഞ്ഞ കുട്ടികൾ, IED Students, SSLC Students | • അടിസ്ഥാന ആശയങ്ങൾ ഉറപ്പാക്കുന്നതിലൂടെ പഠനം കൂടുതൽ എളുപ്പവും കാര്യക്ഷമവുമാക്കുക.<br>• പഠിച്ച കാര്യങ്ങൾ കാര്യക്ഷമമായി convey ചെയ്യാൻ പ്രാപ്തരാക്കുക. |
| 4 | ഡിജിറ്റൽ ആൽബങ്ങളുടെ സമാഹരണവും അവതരണവും<br>പാഠഭാഗമായി ബന്ധപ്പെട്ട ഡിജിറ്റൽ preservation കാര്യക്ഷമമായി ഉപയോഗിക്കുക. Lecturing നു അപ്പുറം പഠനം Feel ചെയ്യുന്ന വിധത്തിൽ കൂടുതൽ ഇന്ദ്രിയങ്ങൾക്ക് അനുഭവ വേദ്യമാക്കുക. | June to January | ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾ | കേവലം മനനം ചെയ്യുന്നതിനപ്പുറം ഫീൽ ചെയ്യുന്നതിലൂടെ എല്ലാവർക്കും ആശയം മനസ്സിലാക്കാൻ സഹായിക്കുക. |
| 5 | പ്രാദേശിക വിഭവങ്ങളുടെ ഉപയോഗപ്പെടുത്തൽ<br>a) Educated people - Bank officers, Engineers, | First Term | High School Students | Banking, Court, Farming ഇവ നേരിട്ട് ക |

| | | | | |
|---|---|---|---|---|
| | Writers, Farmers...<br>b) Local Libraries, Local industries units | | | ണ്ട് മനസ്സിലാക്കുക. |
| 6 | School Library യുമായി ബന്ധപ്പെടുത്തി അവധിക്കാല ക്യാമ്പ്<br>ചരിത്ര കൃതികൾ, പ്രാദേശിക കൃതികൾ, എൻസൈക്ലോപീഡിയ എന്നിവയുടെ വായനയും ചർച്ചയും | 5 – 10 days | High School Students | ചരിത്രം, പാഠഭാഗം എന്നതിനപ്പുറം ഉൾക്കൊള്ളുന്നതിന് |
| 7 | Art Fest, Sports Fest, Anniversary ദിനാചരണങ്ങൾ എന്നിവ students initiate ആക്കി നടത്തൽ | Std V – X | Throughout the year | പൗരബോധം, സഹകരണം എന്നീ മനോഭാവങ്ങളുടെ രൂപീകരണം, അടിസ്ഥാന ആശയങ്ങളുടെ രൂപീകരണം |
| 8 | Technology Applications Classes.<br>Stellarium, Sun Clock പോലുള്ള വിവിധ Application ഉപയോഗിച്ചുള്ള ക്ലാസ്സുകൾ. | Stx V – X | | |

ഗണിതാശയങ്ങൾ കുട്ടികൾ ഉറപ്പിക്കുന്നതിനും ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിനും, അടിസ്ഥാനശേഷി നേടിയെടുക്കുന്നതിനും, സ്കൂൾ കഴിഞ്ഞാലുള്ള ഗണിത സന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി നാലു പ്രോജക്ടുകൾ നിർദ്ദേശിച്ചിരിക്കുന്നു. ഇവയുടെ സുഗമമായ നടത്തിപ്പിനായി ജൂൺ മാസത്തിലെ ആദ്യ ആഴ്ച തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണ്ണയത്തിലൂടെ താഴെ പറയുന്ന ഗ്രൂപ്പുകളായി തരം തിരിക്കുന്നു.

ഗ്രൂപ്പ് 1 ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവർ.

ഗ്രൂപ്പ് 2 അടിസ്ഥാന ക്രിയാശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യുന്നതിൽ പ്രാവീണ്യം ഇല്ലാത്തവർ

ഗ്രൂപ്പ് 2 ഗണിത ആശയ ധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരമുള്ളവർ

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | ഗുണഭോക്താക്കൾ | പ്രവർത്തന കാലാവധി | പ്രവർത്തനസമയം/രീതി | പ്രവർത്തന ചുമതല | ഫണ്ട് |
|---|---|---|---|---|---|---|---|
| 1 | അടിസ്ഥാനശേഷി വികാസം | ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കൽ | 8,9 ക്ലാസ്സിൽ ഗ്രൂപ്പ് 1 | രണ്ടുമാസം (ജൂൺ, ജൂലൈ) | 8 9 ക്ലാസ്സിൽ നിന്നും തിരഞ്ഞെടുത്തു ഗ്രൂപ്പ് വൺ കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവീണ്യം ഉണ്ടാക്കുന്നു ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടർ ഗെയിം/ പസിലുകൾ ഇവ ഉപയോഗിക്കുന്നു എല്ലാദിവസവും വൈകുന്നേരം ഒരു മണിക്കൂർ | ഗണിത ശാസ്ത്ര കൗൺസിൽ | പിടിഎ |
| 2 | ആശയ വികസനം | ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | 8,9,10 ക്ലാസിലെ ഗ്രൂപ്പ് വൺ കുട്ടികൾ | വാർഷികം | ആഴ്ചയിൽ രണ്ട് പീരിയഡ് ഓരോ ക്ലാസിനും ഗണിത അധ്യാപകന്റെയും ക്ലാസിലെ ഗ്രൂപ്പ് വൺ കുട്ടികളുടെയും നേതൃത്വത്തിൽ ആശയരൂപീകരണത്തിനായി മാതൃകകൾ നിർമ്മിക്കുന്നു.Geogebra software സഹായത്താൽ ഗണിത ആശയങ്ങൾ Maths, game, Puzzles, Geometrical Chart, Model നിർമ്മാണം, ഗണിത ക്വിസ് പ്രവർത്തനങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ | ഗണിത അധ്യാപകൻ | |

അക്കാദമിക മാസ്റ്റർ പ്ലാൻ
HS തലം - സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ജാലകം<br><br>കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിന് | സയൻസ് ക്ലബ് നോട്ടീസ് ബോർഡ് സ്ഥാപിച്ച് ശാസ്ത്രവും സാങ്കേതികവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കുന്നു<br><br>ശാസ്ത്ര പ്രശ്നോത്തരികൾ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | സയൻസ് ക്ളബ് |
| 2 | ശാസ്ത്ര കൗതുകം<br><br>കൗതുകം , ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നതിന് | ശാസ്ത്ര ലാബ് ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ കാണുന്നതിനും ചെയ്യുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | സയൻസ് ക്ലബ്ബ് |
| 3 | ശാസ്ത്രലോകത്തേക്ക്<br><br>ശാസ്ത്രവുമായി ബന്ധപ്പെട്ട അധിക വിവരശേഖരണം | ശാസ്ത്ര ലൈബ്രറിയുടെ ഉപയോഗം<br><br>ലൈബ്രറിയിലെ പുസ്തകങ്ങൾ മറ്റ് ആനുകാലിക ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ കൈമാറ്റം - വിശകലനം<br><br>നൂതന സാങ്കേതിക വിദ്യകൾ | അക്കാദമികവർഷം | സയൻസ് ടീച്ചർ | സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | ഉപയോഗിച്ചുള്ള ശാസ്ത്രാന്വേഷണം | | | |
| 4 | ശാസ്ത്രവും പ്രകൃതിയും<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നതിന് | പരിസ്ഥിതി സംരക്ഷണം<br><br>പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണം<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് പദ്ധതി നടപ്പിലാക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ | സയൻസ് ക്ലബ് |
| 5 | ശാസ്ത്ര വൈജ്ഞാനികം<br><br>മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കുന്നതിന് | സ്കൂൾ തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br><br>സബ്ജില്ലാ ജില്ല മത്സരങ്ങൾക്കായുള്ള തയ്യാറെടുപ്പ് | അക്കാദമിക വർഷം | സയൻസ് ടീച്ചർ | സയൻസ് ക്ലബ് |

## ഉപസംഹാരം

ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ ഈ അക്കാദമി മാസ്റ്റർ പ്ലാനിൽ പാഠ്യപാഠേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തനങ്ങൾ ഉണ്ട് പഠനാ പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.